റവന്യൂ വകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ

25 (3584) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ കൊല്ലം ജില്ലയിൽ ഇപ്പോൾ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകളുണ്ട് ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) 5-8-2003-ൽ കാലാവധി അവസാനിക്കുന്ന കൊല്ലം എൽ.ഡി.സി. (വിവിധ) റാങ്കുലിസ്റ്റിൽ നിന്നും തുടർന്നും നിയമനം നടത്തുമോ ?

ഉത്തരം

(എ) 32.

(ബി&സി) ജില്ലാ കളക്ടറിൽ നിന്ന് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അനുവാദം നൽകുന്നതാണ്.

വില്ലേജ് ഓഫീസുകളുടെ ജോലി ഭാരം കുറയ്ക്കുന്നതിന് കൈക്കൊണ്ട നടപടികൾ

26 (3585) ശ്രീ. പി. ജയരാജൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ റവന്യൂ വകുപ്പിൽ എത്ര തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ ഏതെങ്കിലും നടപടി ഇതിനകം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലുള്ള ജോലി ഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഇ) വില്ലേജ് ഓഫീസുകളിൽ അധിക ജീവനക്കാരെ നിയമിക്കുന്ന കാര്യം സർക്കാർ അടിയന്തരമായി പരിഗണിക്കുമോ ?

ഉത്തരം

(എ) 30-6-2003 വരെ വിവിധ തസ്തികകളിലായി 1538 ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly